# ആമുഖം

മലയോര കുടിയേറ്റ മേഖലയായ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ വികസനവും സുസ്ഥിരതയും ലക്ഷ്യമാക്കിക്കൊണ്ട് പ്രത്യേക പദ്ധതികൾ തയ്യാറാക്കി വളരെ സുതാര്യമായി നടപ്പിലാക്കുക എന്നതാണ് ഈ ഭരണസമിതി ലക്ഷ്യം വെക്കുന്നത്. നമ്മുടെ ഭൂപ്രദേശത്തിന് ഒരു കോട്ടവും വരുത്താതെ പ്രകൃതിയെ സംരക്ഷിച്ചും ജലവും വായുവും മണ്ണും മലിനമാകാതെ ആവാസ വ്യവസ്ഥക്ക് കോട്ടം വരുത്താതെ സംരക്ഷിച്ചും കാർഷിക മേഖലയിലും ഉദ്പാദന മേഖലകളിലും മുന്നേറ്റം നടത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സഹായത്തോടെ നടപ്പിലാക്കുകയും പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, മാലിന്യ സംസ്കരണം, ഗതാഗതയോഗ്യമായ റോഡുകൾ, പാലങ്ങൾ, മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. അതുപോലെ തന്നെ ഫാം ടൂറിസത്തിനും ഇക്കോ ടൂറിസത്തിനും സാധ്യതകൾ ഏറെയുള്ളതിനാൽ അവയെ ഉൾപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ നികുതി പിരിവിലും 100% കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ ഫണ്ട് ചെലവാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് 100% കൈവരിക്കാൻ സാധിച്ചു. പദ്ധതി നിർവ്വഹണത്തിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും മികച്ച നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 2024-25 വർഷത്തെ പദ്ധതികളുടെ നിർവ്വഹണം മികച്ച രീതിയിൽ നടന്നു വരുന്നു.ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും 2025-26 വർഷത്തെ പദ്ധതികൾ സുതാര്യവും മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനും നിങ്ങളുടെ എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഭരണസമിതിക്കുവേണ്ടി,

പ്രേംജി ജെയിംസ്

പ്രസിഡന്റ്, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്

# പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : കട്ടിപ്പാറ |
| വിസ്തൃതി | : 28 ച.കി.മി |
| ജനസംഖ്യ | : 22706 |
| പുരുഷൻമാര് | : 11809 |
| സ്ത്രീകൾ | : 10897 |
| പട്ടികജാതി കുടുംബം | : 832 |
| പട്ടികവർഗ്ഗ കുടുംബം | : 58 |
| വാർഡുകൾ* | : 15 |
| ബ്ലോക്ക് | : കൊടുവള്ളി |
| ജില്ല | : കോഴിക്കോട് |
| താലൂക്ക് | : താമരശ്ശേരി |
| ഉൾപ്പെടുന്ന വില്ലേജുകൾ | : കട്ടിപ്പാറ, കെടവൂർ, രാരോത്ത്,ഈങ്ങാപ്പുഴ |
| നിയമസഭ | : കൊടുവള്ളി |
| ലോകസഭ | : കോഴിക്കോട് |

## അതിരുകൾ

| | |
|---|---|
| വടക്ക് | : അമരാട് |
| തെക്ക് | : താമരശ്ശേരി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : പനങ്ങാട് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : പുതുപ്പാടി ഗ്രാമപഞ്ചായത്ത് |

# ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പറുടെ പേര് | ഔദ്യോഗിക സ്ഥാനം | മൊബൈൽ നമ്പർ |
|---|---|---|---|---|
| 15 | കട്ടിപ്പാറ | **പ്രേംജി ജെയിംസ്** | **പ്രസിഡൻറ്** | 9496048222<br>9446643940 |
| 12 | വടക്കുംമുറി | ബിന്ദു സന്തോഷ് | **വൈസ് പ്രസിഡന്റ്**<br>ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9846875080 |
| 8 | കന്നൂട്ടിപ്പാറ | അബൂബക്കർകുട്ടി | വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | 9745577677 |
| 9 | പുല്ലാഞ്ഞിമേട് | ബേബി രവീന്ദ്രൻ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 9747701122 |
| 6 | പൂലോട് | അഷ്റഫ് പൂലോട് | ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | 9605197223 |
| 1 | കല്ലുള്ളതോട് | സുരജ.വി.പി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 9497698519 |
| 2 | അമരാട് | ടി പി മുഹമ്മദ് ഷാഹിം | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 9446733449 |
| 4 | ചമൽ | അനിൽ ജോർജ്ജ് | വികസനസ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 8086567622 |
| 5 | പയോണ | അനിത രവീന്ദ്രൻ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 9388499863 |
| 7 | ചുണ്ടൻകുഴി | വിഷ്ണു ചുണ്ടൻകുഴി | വികസനസ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 8590155188 |
| 10 | അമ്പായത്തോട് | സീന സുരേഷ് | ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻറിംഗ് കമ്മിറ്റി അംഗം | 9645464056 |
| 13 | വെട്ടി ഒഴിഞ്ഞതോട്ടം | സാജിത ഇസ്മയിൽ | ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻറിംഗ് കമ്മിറ്റി അംഗം | 9645958962 |
| 3 | താഴ്വാരം | ജിൻസി തോമസ് | വികസനസ്റ്റാന്റിംഗ് കമ്മിറ്റി | 9446416576 |

| | | | | |
|---|---|---|---|---|
| | | | അംഗം | |
| 14 | ചെമ്പ്രകുണ്ട | സൈനബ നാസർ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 9946804811 |
| 11 | കോളിക്കൽ | മുഹമ്മദ് മോയത്ത് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം | 9846224373 |

## ഗ്രാമ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന മറ്റ് ജനപ്രതിനിധികൾ

| | | | |
|---|---|---|---|
| 1 | പാർലമെന്റ് | കോഴിക്കോട് | ശ്രീ എം കെ രാഘവൻ. എം പി,0495 2376622 |
| 2 | നിയമസഭ | കൊടുവള്ളി | ശ്രീ .എം.കെ മുനീർ, 7994989410 |
| 3 | ജില്ലാ പഞ്ചായത്ത് | കട്ടിപ്പാറ ഡിവിഷൻ | ശ്രീമതി റംസീന നരിക്കുനി , 7034903517 |
| 4 | ജില്ലാ പഞ്ചായത്ത് | ഈങ്ങാപ്പുഴ ഡിവിഷൻ | ശ്രീമതി. അംബിക മംഗലത്ത്, 7510637166 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | മലപുറം ഡിവിഷൻ | ശ്രീമതി. കുട്ടിയമ്മ മാണി, 9048435328 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | കട്ടിപ്പാറ ഡിവിഷൻ | ശ്രീ. നിധീഷ് കല്ലുള്ളതോട് , 9447753731 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | കോളിക്കൽ ഡിവിഷൻ | ശ്രീ. കൗസർ മാസ്റ്റർ, 7306572074 |

## ആസൂത്രണ സമിതി അംഗങ്ങൾ

| ക്രമ നമ്പർ | പേര് | സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|
| 1 | പ്രേംജി ജെയിംസ് ( പ്രസിഡന്റ് – കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് ) | ചെയർമാൻ | 9496048222 |
| 2 | ഹാരിസ് അമ്പായത്തോട്, താമരശ്ശേരി | വൈസ് ചെയർമാൻ | 8086566008 |
| 3 | നൌഷാദലി എം പി ( ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) | കൺവീനർ | 9496048223 |
| 4 | ബിന്ദു സന്തോഷ് ( വൈസ് പ്രസിഡന്റ് ) | അംഗം | 9846875080 |
| 5 | അബൂബക്കർകുട്ടി ( വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ) | അംഗം | 9745577677 |

| | | | |
|---|---|---|---|
| 6 | ബേബി രവീന്ദ്രൻ ( ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ) | അംഗം | 9747701122 |
| 7 | അഷ്റഫ് പൂലോട് (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) | അംഗം | 9605197223 |
| 8 | കെ.വി അബ്ദുൾ അസീസ്, കല്ലുവീട്ടിൽ, ആറ്റുസ്ഥലം | അംഗം | 9061714469 |

| | | | |
|---|---|---|---|
| 9 | മുഹമ്മദ് രിഫായത്ത് | അംഗം | 9048571717 |
| 10 | പി.സി തോമസ് | അംഗം | |
| 11 | താര അബ്ദുറഹിമാൻ ഹാജി, ആത്തിപൊയിൽ, കട്ടിപ്പാറ | അംഗം | 9645010888 |
| 12 | അബ്ദുൾ സലാം, മണക്കടവൻ, ചമൽ | അംഗം | 8606021378 |
| 13 | ബെന്നി ടി ജോസഫ്, കല്ലുള്ളതോട്, തലയാട് | അംഗം | 9496921265 |
| 14 | സി പി നിസാർ, ചിങ്ങനാംപൊയിൽ, കന്നൂട്ടിപ്പാറ | അംഗം | 9846888915 |
| 15 | ലോഹിതാക്ഷൻ അരീക്കരകണ്ടി, കട്ടിപ്പാറ | അംഗം | 9496423524 |
| 16 | കെ.കെ ഹംസ ഹാജി, ചെമ്പ്രകുണ്ട, കട്ടിപ്പാറ | അംഗം | 8547315077 |
| 17 | അബ്ദുൾ സലാം വി എച്ച്, വാളേരി, ചെമ്പ്രകുണ്ട | അംഗം | 9446639927 |
| 18 | ഇബ്രാഹിം, ഈറക്കൽ, പൂലോട് | അംഗം | 7591977613 |

| വർക്കിംഗ് ഗ്രൂപ്പ് സംബന്ധിച്ച വിവരങ്ങൾ | | | | |
|---|---|---|---|---|
| **ക്രമ നമ്പർ** | **പേര്** | **ചെയർമാൻ/ ചെയർപേഴ്സൺസ്** | **കൺവീനർ** | **വൈസ് ചെയർമാൻ** |
| 1 | പൊതുഭരണവും ധനകാര്യവും | ബിന്ദു സന്തോഷ് | നൌഷാദലി എം പി<br>സെക്രട്ടറി | കെ സി ബഷീർ |
| 2 | കൃഷി | മുഹമ്മദ് മോയത്ത് | അശ്വതി എം എസ്<br>കൃഷി ഓഫീസർ | എൻ .പി കുഞ്ഞാലിക്കുട്ടി |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ജിൻസി തോമസ് | ഡോ.ജ്യോതി ദേവ്<br>വെറ്ററിനറി സർജ്ജൻ | മുഹമ്മദ് രിഫായത്ത് |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | സാജിത ഇസ്മയിൽ | സുരേഷ്.വി.പി, വി ഇ ഒ | സി കെ സി അസ്സൈനാർ |
| 5 | ദാരിദ്യ ലഘൂകരണം | ബേബി രവീന്ദ്രൻ | ഷബ്ന, വി ഇ ഒ | മജീദ് മൌലവി |
| 6 | സാമൂഹ്യ നീതി | സുരജ.വി.പി | ലിത<br>ഐ സി ഡി എസ് സൂപ്പർവൈസർ | പി സുബൈദ |
| 7 | വനിതാ വികസനം | സൈനബ നാസർ | ലിത<br>ഐ സി ഡി എസ് സൂപ്പർവൈസർ | വത്സമ്മ അനിൽ |
| 8 | പട്ടിക ജാതി വികസനം | വിഷ്ണു, ചുണ്ടൻകുഴി | പി വി ശ്രീകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | അബിൻ യു കെ |
| 9 | പട്ടിക വർഗ്ഗ വികസനം | പ്രേംജി ജെയിംസ് | പി വി ശ്രീകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | കെ.എം. ബാലകൃഷ്ണൻ |
| 10 | ആരോഗ്യം | അഷ് റഫ് പൂലോട് | ഡോ.സഫിന മുസ്തഫ<br>മെഡിക്കൽ ഓഫീസർ,പി എച്ച് സി | സദാനന്ദൻ പി കെ |
| 11 | കുടിവെള്ളം, ശുചിത്വം | അനിൽ ജോർജ്ജ് | ശില്പ പ്രസാദ്<br>അസിസ്റ്റന്റ് എൻജിനിയർ | ബെന്നി ടി ജോസഫ് |
| 12 | വിദ്യാഭ്യാസം, കല, സംസ്കാരം, യുവജന കാര്യം | ടി.പി മുഹമ്മദ് ഷാഹിം | മുഹമ്മദ് അഷ്റഫ് ,ഹെഡ്മാസ്റ്റർ, ജി എല് പി സ്കൂൾ വി.ഒ.ടി | സലാം മാസ്റ്റർ |
| 13 | പൊതുമരാമത്ത് | അബൂബക്കർക്കുട്ടി | ശില്പ പ്രസാദ് | ഷംസീർ |

| | | | | |
|---|---|---|---|---|
| | | | അസിസ്റ്റന്റ് എൻജിനിയർ | കക്കാട്ടുമ്മൽ |
| 14 | ജൈവവൈവിധ്യപരിപാലനം, ദുരന്തനിവാരണം | പ്രേംജി ജെയിംസ് | നൌഷാദലി എം പി<br>സെക്രട്ടറി | സി പി അബ്ദുള്ള |

# കട്ടിപ്പാറ – ലഘുചരിത്രം

2005 ൽ രൂപീകൃതമായ കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് നേരത്തെ താമരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. വലിയൊരുഭാഗം ചെങ്കുത്തായും അല്ലാത്തതുമായ മലമ്പ്രദേശത്തിൽ ഉൾപ്പെടുന്നതിനാൽ ഒരു മലയോര പഞ്ചായത്തായി പരിഗണിക്കപ്പെടുന്നു. വടക്ക് സ്ഥിതി ചെയ്യുന്ന അമരാട് മലനിരകള് റിസർവ്വ് വനമേഖലയും മനോഹരമായ വെള്ളച്ചാട്ടങ്ങൾ ഉൾപ്പെടുന്ന ഭൂപ്രദേശവുമാണ്. പടിഞ്ഞാറ് ഭാഗം പൂനൂർപുഴയും കിഴക്ക് ഈങ്ങാപ്പുഴയും അതിർത്തി തീർക്കുന്നു.

പഞ്ചായത്തിലെ കുന്നുകളും മലകളും നിറഞ്ഞ വടക്കുകിഴക്കൻപ്രദേശങ്ങൾ അര നൂറ്റാണ്ട് മുമ്പ് വന്യമൃഗങ്ങൾ യഥേഷ്ടം വിഹരിച്ചിരുന്ന വൻകാടുകളായിരുന്നു . കേരളപ്പിറവിക്ക് മുമ്പുതന്നെ പഴയ തിരുവതാംകൂറിൽ നിന്നും എത്തിയ കുടിയേറ്റക്കാരാണ് കാടുകൾ വെട്ടി നാട്ടുകളാക്കി മാറ്റിയത് വടക്കൻ പ്രദേശങ്ങളിലൊന്നായ കട്ടിപ്പാറയിൽ അരനൂറ്റാണ്ടുമുമ്പ് തന്നെ എത്തിച്ചേർന്ന കുടിയേറ്റക്കാർ കാട്ടിൽ അന്തിയുറങ്ങാൻ കട്ടിലായി ഉപയോഗിച്ചിരുന്നത് വിശാലമായ ഒരു പാറയായിരുന്നു. ഈ കട്ടിൽപ്പാറ കാലക്രമത്തിൽ ലോപിച്ച് കട്ടിപ്പാറയായതാണെന്ന് പറയപ്പെടുന്നു. ഈ പാറ ഇപ്പോഴും ഇവിടെ കാണാം. 1879ൽ ഫെൺഗണൻ സായിപ്പ് റബ്ബർ തൈകൾ നട്ട് റബ്ബർ പ്ലാൻറേഷൻ തുടക്കം കുറിച്ചു. കേരളത്തിലെ ആദ്യത്തെ ഈ റബ്ബർ എസ്റ്റേറ്റാണ് പിൽക്കാലത്ത് എ വി തോമസ് ആൻറ് കമ്പനി യുടെ ഉടമസ്ഥതയിലായ കൽപ്പറ്റ എസ്റ്റേറ്റ്സ് .വിശാലമായ ഈ എസ്റ്റേറ്റിലെ ഒരുഭാഗത്തെ റബ്ബർമരങ്ങൾ വെട്ടിഒഴിച്ചെടുത്തസ്ഥലമാണ് വെട്ടിഒഴിഞ്ഞതോട്ടമെന്ന് അറിയപ്പെടുന്നത്. ബ്രിട്ടീഷ്ക്കാർക്കെതിരെ സമരം നയിച്ച് വീരമൃത്യു വരിച്ച പഴശ്ശിരാജയുടെ കോട്ടയം രാജവംശത്തിലേക്ക് ചേർന്നതായിരുന്നു ഈ പഞ്ചായത്തിലെ ഭൂസ്വത്തുക്കളധികവും.1945 –ൽ ഭക്ഷ്യക്ഷാമം രൂക്ഷമായപ്പോൾ മലബാറിൽ അരിക്കും തുണിക്കും റേഷൻ ഏർപ്പെടുത്തിയിരുന്നു. മലബാർ കലാപ സമയത്ത് ഈ പ്രദേശം മതസൌഹാർദ്ദത്തിന് ഉത്തമ മാതൃകയായയിരുന്നു . കലാപം ഇവിടെ ബാധിച്ചില്ലെങ്കിലും ഭയപ്പെട്ട ഹിന്ദുക്കൾ പലരും വീട്ടൊഴിഞ്ഞ് പോയപ്പോൾ തങ്ങളുടെ വീടും സ്വത്തുക്കളും മുസ്ലീം വസ്തുവകകളൊക്കെ സുരക്ഷിതമായി തിരിച്ചുകിട്ടുകയും ചെയ്തു. താമരശ്ശേരിയിലെ പഴയകാലത്തെ പാരമ്പര്യ കുടിൽ വ്യവസയങ്ങൾ എന്ന് പറയുന്നത് പായ , തലക്കുട കൊട്ട, വട്ടി, തുടങ്ങിയവയുടെ നിർമ്മാണമായിരുന്നു. നളികേരം വെട്ടി കൊപ്രയാക്കുക , അടക്കവെട്ടി കളിയടക്കയാക്കുക തുടങ്ങിയവയും മരച്ചക്കിൽ കൊപ്രയാട്ടി വെളിച്ചെണ്ണ എടുക്കുന്ന ഒരു യൂണിറ്റും ഇവിടെ പ്രവർത്തിച്ചിരുന്നു. ഔപചാരിക വിദ്യാഭ്യാസ സംവിധാനങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് തന്നെ എഴുത്തു പള്ളിക്കൂടങ്ങളും , ആശാൻ കളരികളും ഗുരുകുല വിദ്യാഭ്യാസ രീതികളും ഈ ഗ്രാമപഞ്ചായത്തിന്റെ പൂർവ്വികർക്ക് അറിവ് നേടാൻ ഉപകരിച്ചിട്ടുണ്ട്. ആളുകൾ കൂട്ടമായി തലച്ചുമടായും ,

നിരനിരയായ കാളവണ്ടികളിലും കാർഷിക ഉത്പന്നങ്ങൾ പത്തൊൻപത് മൈൽ അകലെയുള്ള കോഴിക്കോട് വലിയങ്ങാടിയിൽ എത്തിച്ചിരുന്നു. അക്കാലങ്ങളിൽ കാടുകളിൽ നിന്ന് വെട്ടുന്ന തടികൾ തിരപ്പ (മരങ്ങൾകൂട്ടിക്കെട്ടി) യായി പൂനൂർ പുഴ വഴിയും . കുടത്തായ് പുഴ വഴിയും മരവ്യവസായത്തിന് പ്രശസ്തി ആർജ്ജിച്ചകല്ലായിയിൽ എത്തിച്ചിരുന്നു. റെയിൽപാത ഈ പഞ്ചായത്തിലില്ലെങ്കിലും 30 കി. മീ. അകലങ്ങളിലുള്ള കോഴിക്കോട് –കൊയിലാണ്ടി റെയിൽവെ സ്റ്റേഷനുകളെയാണ് ദീർഘദൂരയാത്രക്കായി ജനങ്ങൾ ആശ്രയിക്കുന്നത്. അക്കാലത്ത് ബസിന്റെ ടിക്കറ്റുകൾ നേരത്തെ നൽകാറാണ് പതിവ് . അഞ്ച് അണ ആയിരുന്നു കോഴിക്കോട്ടേക്കുള്ള ബസുകൂലി. മരക്കാർ ഹാജിയുടെ ലോറിയാണ് ചരക്കുഗതാഗത രംഗത്തെ ആദ്യവാഹനം വടക്കൻപാട്ടിന്റെ ഈരടികളിൽ സ്ഥാനം ലഭിച്ച പഴയ മലബാറിലെ മലയോരമേഖല ഉൾപ്പെടുന്ന പ്രദേശമാണ് കട്ടിപ്പാറ. തിരുകൊച്ചി പ്രദേശത്തുനിന്നും 1940–കളിൽ മലയോര മേഖലകളിലേക്കുള്ള കുടിയേറ്റമാണ് ഈ ഗ്രാമത്തിന്റെ മറ്റൊരു സവിശേഷത.

## 1. തദ്ദേശ സ്ഥാപനത്തിന്റെവികസന സ്ഥിതി അവസ്ഥ

മലയോര ഗ്രാമ പഞ്ചായത്തായ കട്ടിപ്പാറയിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മുൻ പഞ്ചവത്സര പദ്ധതി കാലങ്ങളിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി പ്രസ്തുത മേഖലകളിൽ വലിയ മുന്നേറ്റം സാധ്യമാവുകയുണ്ടായി. കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് ആകർഷകവും നൂതനവുമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അനുബന്ധമായി മൃഗസംരക്ഷണ ക്ഷീരവികസന പരിപാടികളും നടപ്പാക്കികൊണ്ട് ഉൽപ്പാദന മേഖലയുടെ വികസനത്തിന് കളമൊരുക്കി. ആയതിന്റെ ഭാഗമായി കാർഷിക ഉൽപ്പാദനത്തിലും പാലുൽപ്പാദനത്തിലും വർദ്ധനവുണ്ടായെങ്കിലും പൂർണ്ണതോതിലുള്ള വളർച്ചക്ക് ഇനിയും ഇടപെടലുകൾ ആവശ്യമാണ്.

കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഐ എസ് ഒ ISO 9001:2015 സർട്ടിഫിക്കേഷൻ 2018 ൽ ലഭിക്കുകയും ആയത് 2024 ൽ പുതുക്കുകയും ചെയ്തു. ഓഫീസ് രേഖകൾ ക്രമീകരിച്ച് റെക്കോർഡ് റൂം സജ്ജമാക്കുകയും പൊതുജനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഓഫീസിൽ ലഭ്യമാക്കുകയും സേവനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സേവനമേഖലയിൽ അനവധി മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി സാധിച്ചു. പി എച്ച് സി ക്ക് പുതിയ കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിച്ചു. കെട്ടിടത്തിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആരോഗ്യ പരിരക്ഷാ സംവിധാനം മെച്ചപ്പെട്ടു. എൽ പി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി നവീകരിച്ചു. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി മാതൃ ശിശു സംരക്ഷണ പരപാടികൾ ഊർജ്ജിതമാക്കാൻ കഴിഞ്ഞു. കുടിവെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചു. വേനൽക്കാലത്തെ വരൾച്ചയെ നേരിടുന്നതിന് ജലസംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. അഗതികളുടെ സംരക്ഷണത്തിനായി ആശ്രയ പദ്ധതിയും നടപ്പാക്കി വരുന്നു. വയോജനങ്ങൾക്കായി പകൽ വീടിന് ബ്ലോക്ക് പഞ്ചായത്ത് സഹായത്തോടെ സ്ഥലം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചു. ശാസ്ത്രീയമായ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി അജൈവ മാലിന്യ ശേഖരണത്തിന് സ്ഥലം വാങ്ങി കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു.

വാർഷിക പദ്ധതികളുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ഭാഗമായി പശ്ചാത്തല മേഖലയിലുണ്ടായ വളർച്ച വർദ്ധിച്ചു വരുന്ന ഗതാഗതാവശ്യങ്ങൾക്കും അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കും കരുത്തേകും വിധമുള്ളതാണ്. എന്നിരുന്നാലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഒട്ടനവധി റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നിവയിൽ സാമൂഹ്യ ഉന്നമനം ലക്ഷ്യം വച്ച് എല്ലാ മേഖലകളിലും പദ്ധതികള് ആവിഷ്കരിച്ച് നടപ്പാക്കി. വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നീ പദ്ധതികളിലൂടെ ദാരിദ്ര ലഘൂകരണത്തിന് ഒരു പരിധി വരെ സാധിച്ചു.

## 2 നടപ്പ് വാർഷിക പദ്ധതി അവലോകനം

2024-25 വർഷത്തെ പദ്ധതികൾക്ക് 2024 ജനുവരി മാസം അംഗീകാരം ലഭിച്ചു. ജൂലായ് മാസത്തില് സ്പിൽ ഓവർ പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി പദ്ധതി അന്തിമമാക്കി അംഗീകാരം ലഭിച്ചു. പദ്ധതികളുടെ നിർവ്വഹണം നടന്ന് വരുന്നു. ലഭിച്ച ഫണ്ട് അലോക്കേഷൻ 100% നം ഉപയോഗപ്പെടുത്തി . സ്പിൽ ഓവർ പ്രവൃത്തികൾക്ക് കഴിഞ്ഞവർഷം തുക ലഭ്യമാവാത്തത് സ്പിൽഓവർ പ്രവൃത്തികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമായി. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ആവശ്യമായ പ്രൊജക്ടുകളിൽ ഗുണഭോക്താക്കള് ഗുണഭോക്തൃ വിഹിതം അടക്കുന്നതിന് വിമുഖത കാണിക്കുന്നത് പദ്ധതികളുടെ പൂർത്തീകരണം വൈകുന്നതിന് കാരണമായിട്ടുണ്ട്.അതുപോലെ സ്പിൽ ഓവര് ഫണ്ട് ലഭ്യമല്ലാത്തതിനാലും പൂർത്തീകരിച്ച പദ്ധതി ചെലവാക്കാന് സാധിച്ചില്ല.

## 3 പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

### <u>പൊതുഭരണവും ധനകാര്യവും</u>

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഓഫീസിൽ ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഇനിയും കൂടുതൽ സംവിധാനങ്ങൾ ഏർപ്പേടുത്തേണ്ടതുണ്ട്. ഹെല്പ്ഡസക് സ്ഥാപിക്കുക, നിലവിലെ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ ഉണ്ടാകുന്ന നടപടികൾ മൂലമോ , എസ് എം എസ് , ഇമെയിൽ മുഖേനയോ അപേക്ഷകരെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ ദൈനംദിനം നടക്കുന്ന പ്രവർത്തനങ്ങൾ യോഗങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും കണ്ടെത്തി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നികുതി പിരിവുകൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഐ എസ് ഒ ലഭ്യമാകാത്ത മുഴവൻ ഘടകസ്ഥാപനങ്ങൾക്കും ഐ എസ് ഒ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## കൃഷി

പ്രധാനമായും കാർഷിക മേഖലയെ ആശ്രയിക്കുന്ന ഒരു ജനവിഭാഗമാണ് കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലുള്ളത്. കൊറോണ പോലുള്ള മാരകരോഗങ്ങൾനമ്മെ പിൻതുടരുമ്പോൾസമ്പദ് മേഖലയെയും കാർഷിക മേഖലയെയും രക്ഷിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവന് വീടുകളിലും പച്ചക്കറി വിത്ത്, ഫലവൃക്ഷ തൈ, വാഴക്കന്ന് എന്നിവ വിതരണം നടത്തുകയും പുതുതായി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും കാർഷിക ഉൽപ്പാദന വർദ്ധനവും കർഷകരുടെ വരുമാനവും ലക്ഷ്യമാക്കി കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിറ്റഴിക്കുവാനുള്ള വിപണിയും പഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. കാർഷിക മേഖലയിലെ ഉൽപ്പാദന വർദ്ധനവും സ്വയം പര്യാപ്തതയുമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. കൂടാതെ കാർഷിക രംഗത്ത് സമഗ്രമായ ഇടപെടലുകളും നടത്തിവരുന്നുണ്ട്. കാർഷിക മേഖലയിലെ പ്രധാന വിളകളെ പറ്റിയുള്ള വിവരങ്ങൾതാഴെ പറയുന്നു.

| മ നമ്പർ | കാർഷിക ഇനം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1 | നെല്ല് | 13.8 |
| 2 | കശുവണ്ടി | 5 |
| 3 | തെങ്ങ് | 1000 |
| 4 | കവുങ്ങ് | 8 |
| 5 | റബ്ബർ | 1124.05 |
| 6 | കൈതചക്ക | 6 |
| 7 | കൊക്കോ | 73 |
| 8 | വാഴ (നേന്ത്രൻ) | 25 |
| 9 | ഇഞ്ചി | 5 |
| 10 | ജാതിക്ക | 37 |
| 11 | കുരുമുളക് | 15 |
| 12 | മഞ്ഞൾ | 6 |

## പാടശേഖര സമിതികൾ

1. ചമൽ പാടശേഖര സമിതി

2. പ്ലാപ്പറ്റ പാടശേഖര സമിതി

## നീർത്തടങ്ങൾ

കല്ലുള്ളതോട്, മുക്രാംതോട്, , കട്ടിപ്പാറ, കേളൻമൂല, അമ്പായത്തോട് , കോളിക്കൽ, മണ്ണാത്തിയേറ്റ്

## മൃഗ സംരക്ഷണവും ക്ഷീര വികസനവും

ഗ്രാമപഞ്ചായത്തിൽ കർഷകരുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് മൃഗസംരക്ഷണ മേഖലയിലും ക്ഷീരമേഖലയിലും വിവിധപദ്ധതികൾആവിഷ്ക്കരിച്ച് വരുന്നുണ്ട്. പശു വളർത്തലിലാണ് കർഷകർ കൂടുതൽ ഏർപ്പെട്ടിരിക്കുന്നത്. കർഷകർക്ക് പാലിന് സബ്സിഡി കാലിത്തീറ്റ എന്നിവ സബ്സിഡി നിരക്കില് നൽകി പ്രോത്സാഹനം നൽകി വരുന്നു.

കൂടാതെ ആട് വളർത്തൽ പോത്ത് വളർത്തൽ ,കോഴി വളർത്തല് എന്നിവയും നടത്തിവരുന്നുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവ നിർമ്മിച്ച് നല്കുന്ന പദ്ധതി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. ആട്ഫാം , പശു ഫാം എന്നിവയിൽ കർഷകർക്ക് പരിശീലനം നല്കി കൂടുതൽ ഹൈടെക് രീതിയിലേക്ക് ക്ഷീര കർഷകരെ എത്തിക്കേണ്ടതുണ്ട്.

## പ്രാദേശിക സാമ്പത്തിക വികസനം

അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങള് സൃഷ്ടിക്കുന്നതിൽ ഊന്നിക്കൊണ്ടുള്ള പദ്ധതികളായിരിക്കണം പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കേണ്ടത്. കട്ടിപ്പാറ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങളോ , ചെറുകിടപരമ്പരാഗത വ്യവസായങ്ങളോ ഇല്ല. ചുരുക്കം ചില സ്വകാര്യ വ്യക്തികള് നടത്തുന്ന ഹോളോബ്രിക്സ് യൂണിറ്റ് , ഫർണ്ണിച്ചര് നിർമ്മാണ യൂണിറ്റുകള് എന്നിവ മാത്രമാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിലെ പുല്ലാഞ്ഞിമേട് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 20 ഏക്കര് സ്ഥലത്ത് സംരംഭങ്ങള് ആരംഭിക്കുന്നതിന് ശ്രമം ഉണ്ടാവേണ്ടതും അത് പോലെ ഗ്രാമപഞ്ചായത്തിൽ ഫാം ടൂറിസത്തിന് സാധ്യമായ മേഖലകളിലും നാളികേരാധിഷ്ടിതമായ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും പദ്ധതികള് കൊണ്ടുവരേണ്ടതായുണ്ട്. ഇതിനായി കുടുംബശ്രീ യൂണിറ്റുകള് മുഖേനെ ആഴ്ച ചന്ത, നാട്ടുചന്ത, എന്നീ വിപണന കേന്ദ്രങ്ങളെ പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ് . സ്ത്രീ ശാക്തീകരണത്തിനായി സംരഭക പ്രൊജക്ടുകൾ നടപ്പിലാക്കി വരുന്നു.

## ദാരിദ്യ ലഘൂകരണം

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ജനങ്ങളുടെ ദാരിദ്രം തുടച്ച് മാറ്റുന്നതിന് വലിയ രീതിയിലുള്ള പങ്കാണ് നടത്തിവരുന്നത് . ഈ പദ്ധതി പ്രകാരം കർഷകർക്ക് കൃഷി മേഖലയിലും ക്ഷീരകർഷകർക്ക് തൊഴുത്ത് നിർമ്മിച്ച് നല്കിയും ഒരു പരിധി വരെ മുന്നേറ്റം നടത്താന് കഴിഞ്ഞിട്ടുണ്ട്. പാർപ്പിട മേഖലയിൽ വലിയ പ്രശ്നങ്ങളാണ് പഞ്ചായത്ത് നേരിട്ടുകൊണ്ടിരിക്കുന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലം അർഹരായ എല്ലാവർക്കും സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വീടുകളില്ലാത്ത മുഴുവന് അർഹരായ ഗുണഭോക്താക്കളെയും കണ്ടെത്തി ലൈഫ്ഭവനപദ്ധതിയിൽ കൊണ്ടുവരേണ്ടതുണ്ട് .

അതി ദാരിദ്ര സർവ്വെ മുഖേനെ കണ്ടെത്തിയ അതിദരിദ്രരുടെ അതിജീവന ആവശ്യങ്ങൾ അടിസ്ഥാന സൌകര്യങ്ങൾ, ആരോഗ്യ പരിരക്ഷ , വികസന ആവശ്യങ്ങൾ തുടങ്ങീ എല്ലാവിധ ഘടകങ്ങളും ഉൾപ്പെടുത്തി കൊണ്ട് മൈക്രോ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

## സാമൂഹ്യ നീതി

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ കന്നൂട്ടിപ്പാറ വാർഡിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി വയോജനങ്ങൾക്കായി പകൽവീട് നിർമ്മിച്ചു. ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് , മാനസിക വെല്ലുവിളികൾനേരിടുന്ന ബാല്യ കൗമാരക്കാർക്കായി കൈതിരി പദ്ധതി , വൃദ്ധർക്ക് കട്ടിൽ എന്നിവ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളാണ്. കൂടാതെ മികച്ച പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഭിന്നശേഷിക്കാർക്കായി മുച്ചക്ര വാഹനം , സഹായ ഉപകരണങ്ങൾ നൽകൽ എന്നിവ നൽകിവരുന്നു. ഭിന്നശേഷിക്കാർക്കായി ബഡ്സ് സ്കൂൾ, കൈ തൊഴിൽ പരിശീലനം എന്നീ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്

## വനിതാ വികസനം

കട്ടിപ്പാറ പഞ്ചായത്തിൽ 23 അങ്കണവാടികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.. മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ഉണ്ട് . കുട്ടികളുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകി 0–6 വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക ,പോഷക കുറവ് കണ്ടെത്തി പോഷക ആഹാരം നൽകി സംരക്ഷിക്കുക, ശി ശു മരണ നിരക്ക് കുറക്കുക , ഗർഭിണികളായ അമ്മമാർക്ക് ബോധവത്ക്കരണം നടത്തുക തുടങ്ങിയ ഒട്ടേറെ പദ്ധതികൾ നടന്നുവരുന്നു. വനിതാ– ശിശുക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി അമ്മയും കുഞ്ഞും പദ്ധതി, ആയുർവേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും മുഖേന നടത്തിവരുന്ന ജീവിതശൈലിരോഗ ക്ലിനിക് , സ്ത്രീകൾക്ക് യോഗ പരിശീലനം തുടങ്ങീ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നു. വനിതകൾക്ക് തൊഴിൽ പരിശീലനം, പദ്ധതികൾ കൂടുതൽ ആവിഷ്കരിക്കേണ്ടതാണ്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രതാസമിതി പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ലിംഗ പദവിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിന് വിവിധ വകുപ്പുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും ജെൻഡർ അനുബന്ധ ഇടപെടലുകൾ ഏകോപിപ്പിക്കുന്നതിന് ജെൻഡർ റിസോഴ്സ് സെൻററുകൾ രൂപീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾക്കുമായി ഫണ്ട് വകയിരുത്താവുന്നതുമാണ്.

## അങ്കണവാടികൾ

| ക്രമ നമ്പർ | സെന്റർ നമ്പർ | അങ്കണവാടിയുടെ പേര് | വാർഡ് |
|---|---|---|---|
| 1 | 130 | കന്നൂട്ടിപ്പാറ അങ്കണവാടി | 8 |
| 2 | 131 | കല്ലുള്ളതോട് അങ്കണവാടി | 1 |
| 3 | 132 | കോളിക്കൽ അങ്കണവാടി | 11 |
| 4 | 133 | അമ്പായത്തോട് അങ്കണവാടി | 10 |
| 5 | 134 | വെട്ടിഒഴിഞ്ഞതോട്ടം അങ്കണവാടി | 13 |
| 6 | 135 | പ്ളാപ്പറ്റ അങ്കണവാടി | 5 |
| 7 | 136 | കാരപ്പറ്റ അങ്കണവാടി | 7 |
| 8 | 137 | വേണാടി അങ്കണവാടി | 12 |
| 9 | 138 | കാപ്പാട്ടുമ്മൽ അങ്കണവാടി | 7 |
| 10 | 139 | ചെമ്പുങ്കര അങ്കണവാടി | 1 |
| 11 | 140 | വെണ്ടേക്കുംചാൽ അങ്കണവാടി | 4 |
| 12 | 141 | ക്വാറി അങ്കണവാടി | 15 |
| 13 | 142 | ചെമ്പ്രകുണ്ട അങ്കണവാടി | 14 |
| 14 | 143 | ചിങ്ങണാം പൊയിൽ അങ്കണവാടി | 8 |
| 15 | 144 | അമരാട് അങ്കണവാടി | 2 |
| 16 | 145 | പൂലോട് അങ്കണവാടി | 6 |
| 17 | 146 | ആറ്റുസ്ഥലം അങ്കണവാടി | 13 |
| 18 | 147 | താഴ്വാരം അങ്കണവാടി | 3 |
| 20 | 149 | പയോണ അങ്കണവാടി | 5 |
| 21 | 150 | ഇരുൾകുന്ന് അങ്കണവാടി | 12 |
| 22 | 151 | അമ്പായത്തോട് മിച്ചഭൂമി അങ്കണവാടി | 12 |
| 23 | 152 | പെരുന്തൊടി അങ്കണവാടി | 12 |

## പട്ടികജാതി വികസനം

കട്ടിപ്പാറ പഞ്ചായത്തിൽ 19 പട്ടികജാതി ഉന്നതികളും, 12 പട്ടികജാതി സങ്കേതങ്ങളും ഉണ്ട് . 2011 ലെ സെൻസസ് പ്രകാരം 3287 ആണ് ജനസംഖ്യ . ഇതിൽ 1668 പുരുഷന്മാരും 1619 സ്ത്രീകളുമാണ് ഉള്ളത്. ഈ മേഖലയുടെ സമഗ്ര വികസനത്തിന് ഗ്രാമപഞ്ചായത്ത് ഇടപെടൽ നടത്തി വരുന്നുണ്ട്. സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിരവധി പദ്ധതികള് നടപ്പിലാക്കി വരുന്നു. മൃഗപരിപാലനം മുട്ടകോഴി വിതരണം , വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , വിവാഹധനസഹായം , പഠനമുറി , പഠനോപകരണങ്ങളായ ലാപ്ടോപ് എന്നിവ നല്കി വരുന്നു. വൃദ്ധർക്ക് കട്ടിൽ, കുടിവെള്ളം സംഭരിക്കാൻ വാട്ടർടാങ്ക് എന്നിവയും നല്കി വരുന്നുണ്ട്. കോളനിയിലേക്കുള്ള റോഡ്, നടപ്പാതകൾ എന്നിവ എം പി ,എം എൽ എ, ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞു. കോളനികളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളിൽ വാസയോഗ്യമായ വീടില്ലാത്തവരും വീടിന്റെ അറ്റകുറ്റപണികൾ ചെയ്യേണ്ടവരുണ്ട്. . കൂടാതെ കോളനികളിൽ വ്യാപകമായി മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾവിതരണം ചെയ്യുന്നത് തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ അത്യാവശ്യമായി നടപ്പിൽ വരുത്തേണ്ടതാണ്.

| നമ്പർ | ഉന്നതികളുടെ പേര് | ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| 1 | കല്ലുള്ളതോട് മിച്ചഭൂമി | 1 |
| 2 | പെരുന്തൊടി | 2 |
| 3 | അയ്യങ്കാളി കോളനി കട്ടിപ്പാറ | 3 |
| 4 | പിലാത്തോട്ടം | 4 |
| 5 | വേനക്കാവ് മിച്ചഭൂമി | 5 |
| 6 | പ്ലാപ്പറ്റ | 5 |
| 7 | പൂലോട് | 6 |
| 8 | കാപ്പാട് മിച്ചഭൂമി | 7 |
| 9 | അംബേദ്കർ കോളനി | 7 |

| | | |
|---|---|---|
| 10 | എട്ടേക്ര കായക്കുണ്ട | 8 |
| 11 | പെരിങ്ങോട് ചിങ്ങണാം പൊയിൽ | 8 |
| 12 | അമ്പായത്തോട് മിച്ചഭൂമി | 9, 10 |
| 13 | മലബാർ കോളനി | 10 |
| 14 | ഇല്ലക്കുന്ന് ഹരിജൻകോളനി | 11 |
| 15 | ഇരുൾകുന്ന് നാല്സെന്റ് കോളനി | 12 |
| 16 | ഇരുൾകുന്ന് മിച്ചഭൂമി | 12 |
| 17 | വേണാടി | 12 |
| 18 | വട്ടച്ചുഴലി കോളനി | 14 |
| 19 | വില്ലൂന്നിപ്പാറ | 14 |

**<u>സങ്കേതങ്ങൾ</u>**

| ക്രമ നമ്പർ | സങ്കേതങ്ങളുടെ പേര് | ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| 1 | വെണ്ടേക്കുംചാൽ 1 | 4 |
| 2 | കലുങ്ക് മുട്ടുകടവ് | 4 |
| 3 | പൂവൻമല | 4 |
| 4 | കൊളമല | 4 |
| 5 | പ്ളാപ്പറ്റ 1 | 5 |
| 6 | പ്ളാപ്പറ്റ 2 | 5 |
| 7 | വേനക്കാവ് 1 | 5 |
| 8 | വേനക്കാവ് മിച്ചഭൂമി | 5 |
| 9 | വെണ്ടേക്കുംചാൽ 2 | 7 |
| 10 | കരിഞ്ചോല 1 | 8 |

| | | |
|---|---|---|
| 11 | കരിഞ്ചോല 2 | 13 |
| 12 | മണ്ണാത്തിയേറ്റ് | 14 |

## പട്ടിക വർഗ്ഗ വികസനം

കക്കണഞ്ചേരി ,വള്ളുവർക്കുന്ന് എന്നീ രണ്ട് ഊരുകൂട്ടങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത് . ഈ രണ്ട് കോളനികളിലായി 90 കുടുംബങ്ങളിലായി 219 അംഗങ്ങള് ഉണ്ട് ഊരുകൂട്ടങ്ങളുടെ സമഗ്രവികസനത്തിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പ് മുഖേന പദ്ധതികൾ നടന്ന് വരുന്നുണ്ട്. ഊരുനിവാസികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ രംഗത്തെ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. ആദിവാസി മേഖലയിൽ നടപ്പിലാക്കിയ ആയുർവേദാ ചികിത്സാ പദ്ധതി "ഹരികിരണം". കൂടാതെ ഗോത്ര വർഗ്ഗക്കാരുടെ ശാരീരിക മാനസിക ആരോഗ്യം , വിദ്യാഭ്യാസം, വിനോദം, സാക്ഷരത, സാമൂഹിക നില, എന്നിവ ആസ്പദമാക്കി പ്രവർത്തനങ്ങൾ നടന്ന് വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, വിവാഹധനസഹായം, സ്കോളർഷിപ്പുകൾ എന്നിവയും നല്കി വരുന്നുണ്ട്.

| ക്രമ നമ്പർ | ഊരു കൂട്ടങ്ങളുടെ പേര് | ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| 1 | കാക്കണഞ്ചേരി | 1 |
| 2 | വള്ളുവർകുന്ന് | 4 |

## ആരോഗ്യം

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളായ ഹോമിയോ ഡിസ്പെൻസറി, ആയുർവ്വേദ ഡിസ്പെൻസറി, കുടുംബാരോഗ്യ കേന്ദ്രം എന്നിവ സ്വന്തം കെട്ടിടത്തിൽ പ്രവൃത്തിക്കുന്നു. എന്നാൽ പൊതുജനങ്ങൾ ഏറ്റവും ആശ്രയിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വേണ്ടപോലെ മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല. ആരോഗ്യ മേഖലയിൽ ആയുർവേദം, ഹോമിയോ, ഡിസ്പെൻസറികൾ വിവിധ പദ്ധതികൾ നടത്തി വരുന്നുണ്ട് . ആദിവാസി മേഖലയിൽ "ഹരികിരണം" മാനസിക വെല്ലുവിളികൾനേരിടുന്ന ബാല്യ കൗമാരക്കാർക്കായി കൈത്തിരി– പഞ്ചകർമ്മ തെറാപ്പി, അമ്മയും കുഞ്ഞും, പാലിയേറ്റീവ് പരിചരണം പദ്ധതിയായ "സ്നേഹധാര" തുടങ്ങി ഒട്ടനവധി പദ്ധതികൾ നടന്നുവരുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി നിലവിൽ രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. പെയിന് ആന്റ് പാലിയേറ്റീവ് പരിപാടി കിടപ്പിലായ രോഗികളെ വീട്ടുകളിൽ ചെന്ന് പരിചരണം നൽകുന്നുണ്ട്. പകർച്ചവ്യാധിയിൽ നിന്ന് മുക്തി നേടാൻ ഉള്ള പ്രവ്വർത്തനവും ആരോഗ്യ കേന്ദം വഴി നടന്നു വരുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി 4 സബ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം (FHC), കട്ടിപ്പാറ |
| 2 | ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി, കട്ടിപ്പാറ |
| 3 | ഗവൺമെന്റ് ഹോമിയോ ഡിസ്പൻസറി,  കട്ടിപ്പാറ |

**സബ് സെന്ററുകൾ**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എഫ് എച്ച് സി സബ് സെന്റർ കട്ടിപ്പാറ |
| 2 | എഫ് എച്ച് സി സബ് സെന്റർ കാഞ്ഞാംവയൽ, പൂലോട് |
| 3 | എഫ് എച്ച് സി സബ് സെന്റർ, ചമൽ |
| 4 | എഫ് എച്ച് സി സബ് സെന്റർ, വെട്ടിഒഴിഞ്ഞതോട്ടം |

## കുടിവെള്ളം , ശുചിത്വം

2010-15 വർഷത്തിലാണ് കട്ടിപ്പാറ പഞ്ചായത്തിനെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തികൾആരംഭിക്കാന് തുടങ്ങിയത്. 27 ജലനിധി പദ്ധതികളാണുള്ളത്.  ഇന്ന് നിലവിലുള്ള വലിയ ഒരുവിഭാഗം ജനതയുടെ കുടി വെള്ള ക്ഷാമം  പരിഹരിക്കാന് ഇത് മൂലം കഴിഞ്ഞിട്ടുണ്ട്. പൂർത്തിയായ മുഴുവൻ പദ്ധതികളും  ഉണഭോക്ത സമിതിക്ക്  കൈമാറിയിട്ടുണ്ട്. ഈ സമിതികൾകാര്യക്ഷമമായി പ്രവർത്തിക്കാത്തത് ഈ മേഖലയിൽ ഒരു വലിയപോരായ്മയാണ് . കുടിവെള്ള ക്ഷാമം  പരിഹരിക്കാൻ തോടുകളിലും , പുഴകളിലും  തടയണ സ്ഥാപിക്കുക, കുളങ്ങൾനിർമ്മിക്കുക എന്നിവക്ക് പ്രാധാന്യം നൽകാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾസ്വീകരിക്കാനുള്ള ശ്രമം  ഉണ്ടാവേണ്ടതുണ്ട്. അജൈവ മാലിന്യങ്ങളുടെ  ശേഖരണത്തിനായി സ്ഥലം  ഏറ്റെടുത്തിട്ടുണ്ട്. M C F കെട്ടിടത്തിൻറെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും  കടകളിൽ  നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾസംസ്കരണ കേന്ദ്രത്തിലേക്ക് കയറ്റി അയക്കുന്ന പദ്ധതി നടന്നു വരുന്നു. പഞ്ചായത്ത് മുഴുവനും ഗ്രീൻ  പ്രോട്ടോകൾനടപ്പിലാക്കാൻ  ബോധവത്ക്കരണം അത്യാവശ്യമാണ്. ഇതിൻറെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ജലനിധി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഉൾപ്പെടുന്ന വാർഡ് |
|---|---|---|
| 1 | തോട്ടംകോളിക്കൽ ശുദ്ധജലവിതരണ പദ്ധതി | 11 |
| 2 | യമുന ശുദ്ധജലവിതരണ പദ്ധതി | 14, 15 |
| 3 | ധാര ശുദ്ധജലവിതരണ പദ്ധതി | 4 |
| 4 | കണിക ശുദ്ധജലവിതരണ പദ്ധതി | 7 |
| 5 | ഗ്രാമോദയ ശുദ്ധജല വിതരണ പദ്ധതി | 12 |
| 6 | ജനമൈത്രി ശുദ്ധജലവിതരണ പദ്ധതി | 6 |
| 7 | ഐശ്വര്യ ശുദ്ധജലവിതരണ പദ്ധതി | 8 |
| 8 | കരിഞ്ചോലക്കണ്ടി ശുദ്ധജല വിതരണ പദ്ധതി | 13 |
| 9 | ഗംഗ ശുദ്ധജല വിതരണ പദ്ധതി | 8 |
| 10 | തെളിനീർ ശുദ്ധജല വിതരണ പദ്ധതി | 13 |
| 11 | കാവേരി ശുദ്ധജല വിതരണ പദ്ധതി | 3 |
| 12 | വൈഗ ശുദ്ധജല വിതരണ പദ്ധതി | 5 |
| 13 | പ്രതീക്ഷ ശുദ്ധജല വിതരണ പദ്ധതി | 8 |
| 14 | സമൃദ്ധി ശുദ്ധജല വിതരണ പദ്ധതി | 1,15 |
| 15 | വേനക്കാവ് ശുദ്ധജല വിതരണ പദ്ധതി | 5 |
| 16 | ജലഗംഗ ശുദ്ധജല വിതരണ പദ്ധതി | 7 |
| 17 | കാവുള്ളകുന്ന് ശുദ്ധജല വിതരണ പദ്ധതി | 10 |
| 18 | വേണാടി ശുദ്ധജല വിതരണ പദ്ധതി | 12 |
| 19 | സ്നേഹ ശുദ്ധജല വിതരണ പദ്ധതി | 14 |
| 20 | കണ്ടൻകുന്ന് ശുദ്ധജല വിതരണ പദ്ധതി | 6 |
| 21 | കടുവാക്കുന്ന് ശുദ്ധജല വിതരണ പദ്ധതി | 15 |
| 22 | മലയോരം ശുദ്ധജല വിതരണ പദ്ധതി | 4 |
| 23 | അംബേദ്കർ ശുദ്ധജല വിതരണ പദ്ധതി | 7 |
| 24 | ജലധാര ശുദ്ധജല വിതരണ പദ്ധതി | 2 |

| | | |
|---|---|---|
| 25 | സരയു ശുദ്ധജല വിതരണ പദ്ധതി | 2 |
| 26 | കനിവ് ശുദ്ധജല വിതരണ പദ്ധതി | 7 |
| 27 | കബനി ശുദ്ധജല വിതരണ പദ്ധതി | 7 |

## വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം

വിദ്യാഭ്യാസ മേഖലയിലെ സമഗ്രമായ ഇടപെടലുകളുടെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽ രണ്ട് ഗവർമെന്റ് സ്കൂളുകളും എട്ട് എയ്ഡഡ് സ്കൂളുകളുമാണ് നിലവിലുള്ളത്. ഗവ സ്കൂളുകൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. . ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകൾക്ക് ഒരുക്കി നൽകിയിട്ടുണ്ട്. എസ് എസ് കെ മുഖാന്തിരമുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. നിരവധി ക്ലബ്ബുകളും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇവയുടെ നേതൃത്ത്വത്തില് കലാകായിക സാംസ്കാരിക രംഗത്ത് സമഗ്ര ഇടപെടലുകൾ നടത്തുന്നു. സ്കൂളുകളുടെ വിവരങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിഭാഗം | ഉൾപ്പെട്ടുന്ന വാർഡ് |
|---|---|---|---|
| 1 | ഗവ എൽ പി സ്കൂൾ ചമൽ | ഗവർമെന്റ് | 7 |
| 2 | ഗവ എൽ പി സ്കൂൾ വെട്ടി ഒഴിഞ്ഞതോട്ടം | ഗവർമെന്റ് | 13 |
| 3 | നസ്റത്ത് യു പി സ്കൂൾ കട്ടിപ്പാറ | എയ്ഡഡ് | 15 |
| 4 | നസ്റത്ത് എൽ പി സ്കൂൾ , മൂത്തോറ്റിക്കൽ, കട്ടിപ്പാറ | എയ്ഡഡ് | 15 |
| 5 | ഹോളി ഫാമിലി ഹൈസ്കൂൾ, കട്ടിപ്പാറ | എയ്ഡഡ് | 15 |
| 6 | ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂൾ, കട്ടിപ്പാറ | എയ്ഡഡ് | 15 |
| 7 | നിർമല യു പി സ്കൂൾ, ചമൽ | എയ്ഡഡ് | 4 |
| 8 | എസ് എസ് എം യു പി സ്കൂൾ, വെട്ടിഒഴിഞ്ഞതോട്ടം | എയ്ഡഡ് | 13 |

| | | | |
|---|---|---|---|
| 9 | എ എൽ പി സ്കൂള് അമ്പായത്തോട് | എയ്ഡഡ് | 10 |
| 10 | ഐ യു എം എൽ പി സ്കൂൾ, കന്നൂട്ടിപ്പാറ | എയ്ഡഡ് | 8 |

## പൊതുമരാമത്ത്

മുൻ വർഷങ്ങളിലെ പ്രൊജക്ടുകളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ലഭ്യമാവുന്ന ഫണ്ടിന്റെ കുറവും തനതു ഫണ്ടിന്റെ അപര്യാപ്തതയുമാണ് റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുളള പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമായിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അനേകം റോഡുകൾ കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഭാഗങ്ങളിൽ കേടുവന്ന തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തിവരുന്നു. പുതിയ തെരുവുവിളക്കുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തെരുവുവിളക്കുകള് പുതിയത് സ്ഥാപിക്കുന്നതിനും  പഴയ തെരുവുവിളക്കുകള് അറ്റകുറ്റപ്പണി നടത്തുന്നതിനും ധനകാര്യ ഫണ്ട് ഉപയോഗിച്ച് പ്രൊജക്ടുകൾ വെച്ചിട്ടുണ്ട്.

| റോഡുകളുടെ വിവരങ്ങള് |
|---|
| ആകെ റോഡുകളുടെ നീളം 186.37 കി മി |

| ക്രമ നമ്പർ | തരം | കിലോമീറ്റർ |
|---|---|---|
| 1 | ടാർ റോഡ് | 45.25 |
| 2 | മെറ്റൽ റോഡ് | 0 |
| 3 | കോൺക്രീറ്റ് | 39.52 |
| 4 | മണ്ണ് റോഡ് | 100.5 |

## ജൈവ വൈവിധ്യ പരിപാലനം, ദുരന്ത നിവാരണം

മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുതിയതായി ഒരു വർക്കിം ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പ്പാർപ്പിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ആയതിനാൽ തന്നെ ദുരന്ത നിവാരണ ഷെൽട്ടർ നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

## ജൈവവൈവിധ്യ പരിപാലന സമിതിയുടെ (ബി എം സി) അംഗങ്ങൾ

| ബി എം സി അംഗങ്ങൾ | | | |
|---|---|---|---|
| ക്രമനം | അംഗങ്ങളുടെ പേര് | വിഭാഗം | മൊബൈൽ നമ്പർ |
| 1 | പ്രേംജി ജെയിംസ് | ചെയർ പേഴ്സണ് | 9496048222 |
| 2 | നൌഷാദലി എം പി | സെക്രട്ടറി | 9645944123 |
| 3 | മുഹമ്മദ് റിഫായത്ത് | കൺവീനർ | 9048571717 |
| 4 | എൻ ഡി മാത്യു | അംഗം | 9446161115 |
| 5 | വൽസമ്മ അനിൽ | അംഗം | 9747888790 |
| 6 | സുബൈദ പി | അംഗം | 9645456200 |
| 7 | കെ എം ബാലകൃഷ്ണൻ | അംഗം | 9495412367 |
| 8 | തോമസ് കെ യു | അംഗം | 9497647141 |

## വികസന കാഴ്ചപ്പാട് , ലക്ഷ്യങ്ങൾ , തന്ത്രം

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പഞ്ചവത്സരപദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. താഴെ ചേർക്കുന്ന മേഖലകൾക്ക് മുൻഗണന നല്കിക്കൊണ്ടാണ് പതിനാലാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നത് .

- എല്ലാമേഖലകളിലും സ്വയം പര്യാപ്തത കൈവരിക്കുക
- എല്ലാവർക്കും ഉയർന്ന വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- ടൂറിസം മേഖല
- ആരോഗ്യ ഗ്രാമം സൃഷ്ടിക്കുക
- ദാരിദ്രലഘൂകരണം
- എല്ലാവര്ക്കും വീടുകളിൽ കടിവെള്ളം ലഭ്യമാക്കുക
- ശുചിത്വഗ്രാമം സൃഷ്ടിക്കുക
- സ്ത്രീപുരുഷ സമത്വം ഉറപ്പുവരുത്തുക
- പശ്ചാത്തലസൗകര്യം ഉറപ്പുവരുത്തുക
- തൊഴിൽ സംരംഭങ്ങൾ

സർക്കാറിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാന്റുകൾ, തനത് ഫണ്ട്, സന്നദ്ധസേവനം തുടങ്ങി വിവിധ ഇനങ്ങളിൽ സ്വരൂപിക്കാവുന്ന മുഴുവൻ തുകകളും സ്വരൂപിച്ച് പദ്ധതിയുമായി സംയോജിപ്പിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം സാധ്യമാക്കുക എന്നതാണ് ഗ്രാമ പഞ്ചായത്തിന്റെ വികസന തന്ത്രം.

## 5 വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നമ്പർ | ഫണ്ട് വിഭാഗം | തുക |
|---|---|---|
| 1 | വികസന ഫണ്ട് സാധാരണ വിഹിതം | 19918000 |
| 2 | വികസന ഫണ്ട് (എസ് സി പി) | 8325000 |
| 3 | വികസന ഫണ്ട് (ടി എസ് പി) | 731000 |
| 4 | പതിനാലാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 8252000 |
| 5 | മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 29105000 |
| 6 | മെയ്ന്റനൻസ് ഗ്രാന്റ് റോഡിതരം | 4711000 |
| 7 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | 9543357 |
| 8 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 2240000 |
| 9 | മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | 13155000 |
| 10 | ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിക്കുന്നത് | |
| 11 | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കുന്നത് | 1760600 |
| 12 | തനത് ഫണ്ട് | |

## മേഖലാ വകയിരുത്തലുകൾ

| ക്രമ നമ്പർ | മേഖല | തുക |
|---|---|---|
| 1 | ഉൽപ്പാദനം | 4284480 |
| 2 | ശുചിത്വം മാലിന്യ സംസ്കരണം, ജലസംരക്ഷണം | 5165019 |
| 3 | പാർപ്പിടം | 5381600 |

| | | |
|---|---|---|
| 4 | വനിതാ ഘടക പദ്ധതി | 2333760 |
| 5 | കുട്ടികൾ, ഭിന്നശേഷി ഉള്ളവർ, ഭിന്നലിംഗക്കാർ | 1166880 |
| 6 | വയോജനങ്ങൾക്കായുള്ള പദ്ധതി (പാലിയേറ്റിവ് ഉൾപ്പെടെ) | 1166880 |

## അനിവാര്യ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികളുടെ പേര് |
|---|---|
| 1 | അങ്കണവാടി പോഷകാഹാരം |
| 2 | എസ്.എസ്.കെ വിഹിതം നൽകൽ |
| 3 | പാലിയേറ്റീവ് കെയർ |
| 4 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| 5 | പി.എം.എ വൈ ക്ക് അധികവിഹിതം |
| 6 | ആശ്രയ |
| 7 | ഐ.കെ.എം വിഹിതം |
| 8 | ലൈഫ് വിഹിതം |
| 9 | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ |
| | |

## 6. പ്രൊജക്ടുകളും അവയുടെ വിശദാംശങ്ങളും

ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസന സാധ്യതകൾ കണക്കിലെടുത്ത് വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ, ഊരുകൂട്ടങ്ങൾ എന്നിവയിൽ നിന്നും വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് 2025-26 വർഷത്തേക്ക് നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രൊജക്ടുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

## 7 പ്രത്യേക പദ്ധതികൾ / പരിപാടികൾ

ഊരുകൂട്ടങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് പട്ടിക വർഗ്ഗ ഉപപദ്ധതി, പ്രത്യേക ഘടക പദ്ധതി, വനിതാ ഘടക പദ്ധതി , സാമൂഹ്യ സുരക്ഷാ പദ്ധതികള്, ഘടകസ്ഥാപന മേധാവികളുടെ യോഗത്തിലെ നിർദ്ദേശങ്ങൾ പരിഗണിച്ചുള്ള മെയ്ന്റനൻസ് പ്ലാൻ, സദ്ഭരണം എന്നിവയിലുള്ള പ്രൊജക്ടുകൾ 2025–26 വാർഷിക പദ്ധതി പ്രൊജക്ട് ലിസ്റ്റിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

## 8 വായ്പാ ബന്ധങ്ങൾ

വായ്പബന്ധ പദ്ധതികൾ സ്വയം തൊഴിൽ മേഖലയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

## 9 സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

കാർഷിക വികസനം, ശുചിത്വം, മാലിന്യസംസ്കരണം, ജല സംരക്ഷണം പദ്ധതികൾ തയ്യാറാക്കി ഊന്നൽ നൽകുന്നു. . കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടും ജലസംരക്ഷണ പ്രവൃത്തികൾ നടത്തുന്നുണ്ട്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി വീട്ടു വാസയോഗ്യമാക്കൽ, ഭവന നിർമ്മാണം പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്തും ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ രംഗത്തും പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരുടെ സമഗ്ര വികസനത്തിനായി വള്ളുവർകുന്ന്, കക്കണഞ്ചേരി എന്നീ ഊരുകൂട്ടങ്ങളിൽ പട്ടിക വർഗ്ഗ വകുപ്പ് മുഖാന്തിരം സമഗ്ര പദ്ധതി നടപ്പാക്കുന്നുണ്ട് . ആയതിനു പുറമെ ടി വിഭാഗങ്ങൾക്കായി ഗ്രാമ പഞ്ചായത്തും ഉൽപ്പാദന,സേവന,പശ്ചാത്തല മേഖലകളിൽ തുക വകയിരുത്തിയിട്ടുണ്ട്.

## 10 മോണിറ്ററിംഗ്

പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ തന്നെ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കുന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകളാണ് പദ്ധതി തയ്യാറാക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശം സ്വീകരിച്ച് പദ്ധതി രൂപീകരണത്തിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ മാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക,വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക,നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുക, പദ്ധതി നടത്തിപ്പ്, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്നിവയുടെ ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കുണ്ട് .